**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1200** **27-07-2021 - ൽ മറുപടിയ്ക്ക്**

**ഡ്രൈവിംഗ് സ്കൂളുകളുടെ നിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | **Shri Antony Raju**<br>**(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | ഡ്രൈവിംഗ് സ്കൂളുകളുടെ നിലവാരം ഉറപ്പ വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച വരുന്നതെന്ന് വിശദമാക്കാമോ; | (എ) | ഡ്രൈവിംഗ് സ്കൂളുകൾ പ്രവർത്തിക്കുന്ന കെട്ടിടവും പരിസരവും നിർദ്ദിഷ്ട അളവിലും മാതൃകയിലും ആയിരിക്കണമെന്നും, പരിശീലനം നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും ട്രാൻസ്പോർട്ട് കമ്മീഷണറുടെ 27/2013, 10/2014 നമ്പർ സർക്കുലറുകൾ പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ആയതിൻപ്രകാരം ക്ലാസ്സ് മുറികൾക്ക് (300 cm X 450 cm), എന്നീ അളവുകളിലും ഡെമോൺസ്ട്രേഷൻ ഹാളിന് (300 cm X 450 cm) പ്രകാരവും വിസ്തീർണ്ണം ഉണ്ടായിരിക്കണം. വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് ആവശ്യത്തിന് സ്ഥലം വേർതിരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 1989 കേന്ദ്ര മോട്ടോർ വാഹന ചട്ടം 24(3)iii ൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം യോഗ്യതയുള്ളവർക്കു മാത്രമേ പരിശീലകരായി പ്രവർത്തിക്കുവാൻ അനുമതി നൽകിയിട്ടുള്ളൂ. 16 പരിശീലനാർത്ഥികൾക്ക് ഒരു പരിശീലകൻ ഉണ്ടായിരിക്കണം. നിർദ്ദിഷ്ട സൗകര്യങ്ങളോടുകൂടി നിയമാനുസൃതമായാണ് ഡ്രൈവിംഗ് സ്കൂളുകൾ പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിന് ആറ് മാസം കൂടുമ്പോൾ പരിശോധന നടത്തിവരുന്നു. |
| (ബി) | ഡ്രൈവിംഗ് സ്കൂളുകളിലെ ഇൻസ്ട്രക്ടർമാർക്ക് സർക്കാർ തലത്തിൽ എന്തെങ്കിലും പരിശീലനമോ ക്ലാസ്സുകളോ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനകം എത്ര പേർക്ക് പ്രസ്തുത പരിശീലനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | ഡ്രൈവിംഗ് പരിശീലകർക്ക് അതാത് ആർ.ടി.ഓഫീസുകളുടേയും സബ് ആർ.ടി.ഓഫീസുകളുടേയും പരിധിയിൽ വരുന്ന ഡ്രൈവിംഗ് സ്കൂളുകളിലെ പരിശീലകർക്ക് കാലാകാലങ്ങളിൽ ഉണ്ടാകുന്ന നിയമ ഭേദഗതികളെക്കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കാറുണ്ട്. കൂടാതെ സർക്കാർ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് ഡ്രൈവിംഗ് റിസർച്ച് സെന്റർ (IDTR) എന്ന സ്ഥാപനത്തിൽ ഡ്രൈവിംഗ് പരിശീലകർക്ക് പ്രത്യേകം പരിശീലനം നൽകിവരുന്നു.424 പേർക്ക് ഇതുവരെ പരിശീലനം നൽകിയിട്ടുണ്ട്. കോവിഡ് |

| | | | |
|---|---|---|---|
| | | | വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പരിശീലനം താൽക്കാലികമായി നിർത്തിവെച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ